# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2577 12.03.2018 ൽ മറുപടിക്ക്**

**ചിറക്കൽ മന്ന മിനി സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം<br>ശ്രീ. കെ.എം.ഷാജി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ആസ്തിവികസന ഫണ്ടുപയോഗിച്ചുള്ള ചിറക്കൽ മന്ന മിനി സ്റ്റേഡിയം നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ഫണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടും പൊതുമരാമത്ത് കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ നിന്നും ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) അഴീക്കോട് നിയോജക മണ്ഡലത്തിലെ ആസ്തിവികസന ഫണ്ടുപയോഗിച്ചുള്ള ചിറക്കൽ മന്ന മിനി സ്റ്റേഡിയവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഫണ്ട് ട്രാൻസ്ഫർ ചെയ്ത് ഫെബ്രുവരി അവസാന വാരത്തോടു കൂടിയാണ് പൊതുമരാമത്ത് വകുപ്പിന് ലഭ്യമായത്. ഫണ്ട് ലഭ്യമായ സാഹചര്യത്തിൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയും. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) മാർച്ച് അവസാനവാരത്തോടു കൂടി ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ